(സി, ഡി) ഈ പ്രോജക്ടിന് 19-7-2005-ന് 300 ലക്ഷം രൂപയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാനുള്ള നടപടി ഉടൻ ആരംഭിക്കുന്നതാണ്.

മാനന്തവാടി താലൂക്കിൽ കാഞ്ഞിരത്തിനാൽ ജോസിന്റെ വസ്തു രജിസ്ട്രേഷൻ

138 [2748] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ കാഞ്ഞിരങ്ങാട് വില്ലേജിൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ 238/1 സർവ്വേ നമ്പർ വസ്തുവിൽ 6-11-1967-ന് കാഞ്ഞിരത്തിനാൽ ജോസ് എന്നയാളുടെ പേരിൽ മാനന്തവാടി രജിസ്ട്രാഫീസിൽ ഭൂമി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് രജിസ്റ്റർ ചെയ്തത്;

(ബി) 4-9-1972-ൽ പ്രസ്തുത വസ്തുവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള രജിസ്ട്രേഷൻ നടന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) 6-11-1967-ൽ കാഞ്ഞിരത്തിനാൽ ജോസ് എന്നയാളുടെ പേരിൽ രജിസ്റ്റർ ചെയ്ത പ്രസ്തുത വസ്തു ബന്ധപ്പെട്ട രജിസ്ട്രാഫീസ് രേഖകൾ പ്രകാരം ഇപ്പോൾ ആരുടെ പേരിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) 2290, 2717 നമ്പർ ആധാരപ്രകാരം 238/1 സർവ്വേ നമ്പരിൽ പ്രസ്തുത താലൂക്കിലെ കാഞ്ഞിരങ്ങാട് വില്ലേജിൽ കാഞ്ഞിരത്തിനാൽ ജോർജിന്റെ ഉടമസ്ഥതയിൽ രജിസ്ട്രാഫീസ് രേഖകൾ പ്രകാരം വസ്തു ഉണ്ടോ; എങ്കിൽ എത്ര ഏക്കർ വസ്തുവുണ്ടെന്നോ വ്യക്തമാക്കുമോ;

(ഇ) ഈ വസ്തുവുമായി ബന്ധപ്പെട്ട് കുടിക്കട സർട്ടിഫിക്കറ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നുവരെയുള്ള കുടിക്കട സർട്ടിഫിക്കറ് ആണ് നൽകിയത്, ഇതിൽ ഏതെങ്കിലും തരത്തിലുള്ള ബാദ്ധ്യതകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മാനന്തവാടി സബ് രജിസ്ട്രാർ ആഫീസിലെ 2717/67-ാം നമ്പർ ആധാരപ്രകാരം 6-11-1967-ന് കുട്ടനാട് ഗാർഡൻ ലിമിറ്റഡ് എന്ന കമ്പനി കാഞ്ഞിരത്തിനാൽ ജോസിന് എഴുതിക്കൊടുത്തതായി കാണുന്നു. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ കാഞ്ഞിരങ്ങാട് വില്ലേജിൽ സർവ്വേ 238/1-ൽ 12 ഏക്കർ (4 ഹെക്ടർ 81 ആർ) വസ്തു ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) ഉണ്ട്. മേൽപ്രകാരം 2717/67 ലഭിച്ച വസ്തുവിൽനിന്നും 6 ഏക്കർ ഭൂമി (രണ്ട് ഹെക്ടർ 40 ആർ) 4-9-1972-ൽ 2290/72-ാം നമ്പർ ആധാരപ്രകാരം കാഞ്ഞിരത്തിനാൽ ജോസ്, കാഞ്ഞിരത്തിനാൽ ജോർജിന് ധനനിശ്ചയം ചെയ്തുകൊടുത്തു.

(സി) കാഞ്ഞിരങ്ങാട് വില്ലേജിലെ സർവ്വെ നമ്പർ 238/1-ലെ വസ്തു ഇപ്പോൾ വെള്ളമുണ്ട സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിലാണ്. മാനന്തവാടി, വെള്ളമുണ്ട സബ് രജിസ്ട്രാർ ഓഫീസുകളിലെ രേഖകൾ പ്രകാരം 6 ഏക്കർ വസ്തു കാഞ്ഞിരത്തിനാൽ ജോസിന്റെയും 6 ഏക്കർ വസ്തു കാഞ്ഞിരത്തിനാൽ ജോർജിന്റെയും പേരിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മാനന്തവാടി സബ് രജിസ്ട്രാർ ആഫീസിലെ 2717/67-ാം നമ്പർ ആധാരപ്രകാരം കാഞ്ഞിരത്തിനാൽ ജോസിന് ലഭിച്ച 238/1 സർവ്വേ നമ്പറിൽപെട്ട 12 ഏക്കർ ഭൂമിയിൽനിന്നും 6 ഏക്കർ ഭൂമി മാനന്തവാടി സബ് രജിസ്ട്രാർ ആഫീസിലെ 2290/72-ാം നമ്പർ പ്രകാരം കാഞ്ഞിരത്തിനാൽ ജോർജിന് ധന നിശ്ചയം ചെയ്തുകൊടുത്തു. ഇങ്ങനെ ലഭിച്ച 6 ഏക്കർ വസ്തു ഉണ്ട്.

(ഇ) ഉണ്ട്. ടി വസ്തുക്കൾ സംബന്ധിച്ചു 1987 ജനുവരി 28 മുതൽ 2005 മാർച്ച് 21 വരെയുള്ള കുടിക്കട സർട്ടിഫിക്കറ്റ് വെള്ളമുണ്ട സബ് രജിസ്ട്രാറാഫീസിൽനിന്നും കൊടുത്തിട്ടുണ്ട്. ബാദ്ധ്യതകളൊന്നും ഇല്ല.

വി. ഇ. ഒ. ട്രെയിനിംഗ്

139 [2749] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ പ്രീ-സർവ്വീസ് ട്രെയിനിംഗ് നടത്താറുണ്ടോ;

(ബി) എങ്കിൽ എത്ര മാസത്തെ ട്രെയിനിംഗാണ് നടത്തുന്നതെന്നും, ട്രെയിനിംഗിന് എന്തൊക്കെ വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ ട്രെയിനിംഗിന് സിലബസ് ഉണ്ടോ എന്നറിയിക്കാമോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ ട്രെയിനിംഗിന്റെ ഭാഗമായി പരീക്ഷ നടത്താറുണ്ടോ;

(ഇ) ഈ പരീക്ഷ പാസ്സാകുന്നവർക്ക് സർട്ടിഫിക്കറ്റിന് പുറമേ മാർക്ക് ലിസ്റ്റ് നൽകാറുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഉദ്യോഗസ്ഥർ സിലബസിൽ പറയും പ്രകാരമുള്ള വിഷയങ്ങൾ പഠിച്ചാണ് ട്രെയിനിംഗ് പൂർത്തിയാക്കിയതെന്ന് തെളിയിക്കുന്നതിനായി മാർക്ക് ലിസ്റ്റ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ജി) ഈ ട്രെയിനിംഗ് പൂർത്തിയാക്കുന്നതുകൊണ്ടും പരീക്ഷ വിജയിക്കുന്നതുകൊണ്ടും വി. ഇ. ഒ.-മാർക്ക് എന്തൊക്കെ നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 6 മാസം ദൈർഘ്യമുള്ള ട്രെയിനിംഗാണ് നടത്തുന്നത്. താഴെ പറയുന്ന വിഷയങ്ങളാണ് ട്രെയിനിംഗിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അഗ്രികൾച്ചർ, അനിമൽ ഹസ്ബൻട്രി, എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ,

LIBRARY ARCHIVES Kerala Legislative Assembly